"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - വയനാട് ജില്ലയിലെ തുർക്കി പാലം നിർമ്മാണം എന്ന പ്രവ്യൃത്തി കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത നടപടി റദ്ദ് ചെയ്തുകൊണ്ടും, കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കിക്കൊണ്ട് ഒർജിനൽ പ്രവ്യൃത്തി ടെർമിനേറ്റ് ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.462/2024/PWD    തീയതി,തിരുവനന്തപുരം, 17-04-2024

---

പരാമർശം:-
1. സ.ഉ.(സാധാ) നം.210/2021/പൊമവ  തീയതി 16.02.2021.
2. മഠത്തിൽ കണ്ടസ്ട്രക്ഷൻസിന്റെ 17.01.2023 തീയതിയിലെ അപേക്ഷ.
3. പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ 10.01.2024 തീയതിയിലെ കത്ത്.

**ഉത്തരവ്**

വയനാട് ജില്ലയിലെ തുർക്കി പാലം നിർമ്മാണം എന്ന പ്രവ്യൃത്തിയുടെ കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ഒറിജിനൽ പ്രവ്യൃത്തി പരാമർശം (1) പ്രകാരം ടെർമിനേറ്റ് ചെയ്തിട്ടുണ്ടായിയിരുന്നു.

(2) വയനാട് ജില്ലയിലെ തുർക്കി പാലം നിർമ്മാണം എന്ന പ്രവ്യൃത്തി കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത നടപടി പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് Madathil Constructions എന്ന കരാർ സ്ഥാപനം പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടായിരുന്നു.

(3) പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും,പരാമർശം (3) പ്രകാരം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.. വയനാട് ജില്ലയിലെ തുർക്കി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട കരാർ പ്രകാരമുള്ള പ്രവ്യൃത്തിയുടെ ഡിസൈനിൽ മാറ്റം വരുത്തിയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്നതിനാലും, ശ്രീ.അബ്ദുൾ ഖാദർ എന്ന കരാറുകാരൻ ഏറ്റെടുത്ത് 01.07.2021 തീയതിയിൽ പ്രവ്യൃത്തി ആരംഭിച്ച വയനാട് ജില്ലയിലെ തുർക്കി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ബാലൻസ് പ്രവ്യൃത്തിയുടെ ശരാശരി ടെണ്ടർ നിരക്ക് 18.96% കുറവാണെന്നും ഇത് ഒറിജിനൽ കോൺട്രാക്ടറുടെ നിരക്കായ 7.20% ത്തെക്കാൾ കുറവാണ് എന്നതിനാലും പരാമർശം (1) പ്രകാരം കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ ഒറിജിനൽ പ്രവ്യൃത്തി റദ്ദ് ചെയ്ത നടപടി പുനപരിശോധിക്കാമെന്നും, റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി നൽകാമെന്നും പരാമർശം 3 ലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിട്ടുണ്ടായിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിലെ തുർക്കി പാലം നിർമ്മാണം എന്ന ഒറിജിനൽ പ്രവ്യൃത്തി കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിൽ ടെർമിനേറ്റ് ചെയ്ത തീരുമാനം റദ്ദാക്കിക്കൊണ്ടും, "The admissibility of all payments made/ the claims of works executed (including concealed and dismantled items), shall be confirmed based on the findings in the Departmental Vigilance Inquiry only." എന്ന നിബന്ധനയ്ക്ക് വിധേയമായി കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കിക്കൊണ്ട് വയനാട് ജില്ലയിലെ തുർക്കി പാലം നിർമ്മാണം എന്ന ഒറിജിനൽ പ്രവ്യൃത്തി ടെർമിനേറ്റ് ചെയ്ത്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SMITHA ALEX
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്:-
ചീഫ് എഞ്ചിനീയർ നിരത്തുകൾ / പാലങ്ങൾ വിഭാഗം
ധനകാര്യ വകുപ്പ് ( UO No. I&PW-B1/262/2015-Fin (E 118037) dated 25.03.2024)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
സെക്ഷൻ ഓഫീസർ
Date: 19-04-2024 16:28:47